"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കണ്ണൂർ ജില്ല- പട്ടുവം ഗ്രാമപഞ്ചായത്ത്- അക്കൗണ്ടന്റ് ശ്രീ .രവീന്ദ്രൻ, യു.വി- യ്ക്ക് ശൂന്യവേതനാവധി അനുവദിച്ചും സ്വയം വിരമിക്കലിന് അനുമതി നൽകിയും ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1822/2024/LSGD തീയതി,തിരുവനന്തപുരം, 30-09-2024

---

പരാമർശം:-

1. 10/01/2014-ലെ 03/2014/ധന നമ്പർ സർക്കുലർ
2. 17.06.2021ലെ സ ഉ (സാധാ) നം.1165/2021/തസ്വഭവ നമ്പർ ഉത്തരവ്
3. ശ്രീ.രവീന്ദ്രൻ യു വി സമർപ്പിച്ച 30.01.2022ലെ അവധി അപേക്ഷ
4. 05.09.2022 ലെ 78/2022/ധന നമ്പർ സർക്കുലർ
5. ശ്രീ.രവീന്ദ്രൻ യു വി സമർപ്പിച്ച 13.06.2023 തീയതിയിലെ അപേക്ഷ
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.02.2024ലെ LSGD/PD/14014/2023/DEB4 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം(2) ഉത്തരവ് പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് റിവർഷൻ നടത്തിയെങ്കിലും ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കാതെ അക്കൗണ്ടന്റ് തസ്തികയിൽ (നിലവിൽ അവധിയിൽ) തുടരുന്ന കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ ശ്രീ. രവീന്ദ്രൻ. യു.വി -ക്ക് 01/01/2022 മുതൽ 30/04/2023 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയും, ആരോഗ്യസ്ഥിതി കണക്കിലെടുത്ത് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് റിവർട്ട് ചെയ്തു കൊണ്ടുള്ള പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്ത് അക്കൗണ്ടൻറ് തസ്തികയിൽ 01/05/2023 തീയതി മുതൽ വോളണ്ടറി റിട്ടയർമെന്റ് അനുവദിക്കുന്നതിനായി പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷയും പരാമർശം (6) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ശാരീരിക അവശതകൾ കാരണം ശ്രീ രവീന്ദ്രൻ. യു.വി-യ്ക്ക് പരാമർശം (2) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് റിവർഷൻ അനുവദിച്ചിരുന്നെങ്കിലും നാളിതുവരെയായി ടിയാൾ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്നും ഇതേ കാരണത്താൽ ജോലിയിൽ തുടരുവാൻ സാധിക്കുകയില്ല എന്ന മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും പരാമർശം

(6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ. രവീന്ദ്രൻ. യു.വി.യെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് റിവർട്ട് ചെയ്തു കൊണ്ടുള്ള പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്ത് ടിയാളെ അക്കൗണ്ടന്റ് തസ്തികയിൽ നിലനിർ ത്തിയും, 01/01/2022 മുതൽ 30/04/2023 വരെ, ടി കാലയളവ് ആർജിതാവധിയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I. ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ചും , 01.05.2023 മുതൽ പ്രാബല്യത്തിൽ സ്വയം വിരമിക്കലിനുള്ള അനുമതി നൽകിയും പ്രസ്തുത തീയതി പ്രാബല്യത്തിൽ ശ്രീ.രവീന്ദ്രൻ,യു.വി യ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
2.ജില്ലാ ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് , കണ്ണൂർ
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി.പട്ടുവം ഗ്രാമപഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീ.രവീന്ദ്രൻ യു വി , അക്കൗണ്ടന്റ് , പട്ടുവം ഗ്രാമപഞ്ചായത്ത്
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം /തൃശ്ശൂർ
6. ധനകാര്യ വകുപ്പ് (27.05.2024ലെ e-2743836/ഡെവ-1/59/2024-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
7.ഡയറക്ടർ . ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.54/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 30-09-2024 17:22:37
സെക്ഷൻ ഓഫീസർ